താരനിശ

1035 [1652] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ നടന്ന അവാർഡുദാനവും താരനിശയുംകൊണ്ട് സംഘാടനത്തിനുണ്ടായ ലാഭമെത്രയാണ്;

(ബി) ഭാവിയിൽ അവാർഡുദാനം കേന്ദ്രത്തിൽ നടത്തുന്നതു പോലെ ക്ഷണിക്കപ്പെട്ടവരുടെ സദസ്സിൽവച്ച് നടത്തി, താരനിശ ഓണക്കാലത്ത് വേറെ നടത്തണമെന്നുള്ള ചലച്ചിത്രസംവിധായകനായ അടൂർ ഗോപാലകൃഷ്ണന്റെ അഭിപ്രായം ഗവൺമെന്റിനു സ്വീകാര്യമാണോ;

(സി) അല്ലെങ്കിൽ എന്താണ് അതിനു കാരണം. അവാർഡിനു തെരഞ്ഞെടുക്കുന്ന രീതി വിമർശനമറ്റതാക്കാൻ എന്തെല്ലാം പുതിയ നടപടികളാണ് വരുംവർഷത്തിൽ എടുക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഉദിക്കുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് തീരുമാനമൊന്നും എടുത്തിട്ടില്ല.

വനഭൂമി ദേശസാൽക്കരണം

1036 [1654] ശ്രീ. കെ. കെ. എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി ദേശസാൽക്കരിച്ചതുമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് ഭൂമി നൽകുന്നുണ്ടോ;

(ബി) ഭൂമി പതിച്ചു വാങ്ങാൻ ആളില്ലെന്ന റിപ്പോർട്ട് ശരിയാണോ?

ഉത്തരം

(എ) സ്വകാര്യ വനഭൂമി ദേശവൽക്കരണം മൂലം തൊഴിൽ നഷ്ടപ്പെടുന്നവർക്കായി, ആകെ വിതരണം ചെയ്യുന്ന ദേശസാൽകൃത വനഭൂമിയിൽ പട്ടികവർഗ്ഗക്കാർക്കായി നീക്കിവെച്ചിട്ടുള്ള 50% ഭൂമി കഴിച്ച് ബാക്കി ഭൂമിയുടെ 35% നീക്കിവെച്ചിട്ടുണ്ട്.

(ബി) അല്ല.

പുതിയ താലൂക്കുകൾ

1037 [1655] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര താലൂക്കുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly